പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1731 — 6.7.2015 ൽ മറുപടിയ്ക്ക്

കരുതൽ 2015

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" പി.സി.വിഷ്ണുനാഥ്<br>" ലൂഡി ലൂയിസ് | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) കരുതൽ 2015 എന്ന പരിപാടി നടത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ; | ബി) ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുക വഴി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും കാലതാമസവും പരമാവധി ഒഴിവാക്കുക, ജനങ്ങൾക്ക് അവരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യമാക്കുക, ജനങ്ങൾ പൊതുവായി നേരിടുന്നതും എന്നാൽ ചട്ടപ്രകാരം പരിഹാരം കാണാൻ സാധിക്കാത്തതുമായ വിഷയങ്ങൾക്ക് ചട്ടങ്ങളിലും നിയമങ്ങളിലും ഇളവ് വരുത്തി പ്രത്യേകം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച് പരിഹാരം കാണുക എന്നിവ ലക്ഷ്യമാക്കിയാണ് 'കരുതൽ 2015' എന്ന പരിപാടി നടത്തിയത്. |
| സി) പ്രസ്തുത പരിപാടി നടത്തുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഭരണതലത്തിൽ നടത്തിയത്; സമാനമായി നടത്തപ്പെട്ട പരിപാടികളിൽ നിന്ന് ഈ പരിപാടിക്കു ണ്ടായിരുന്ന വ്യത്യസ്തതകൾ വിശദമാക്കാമോ? | സി) കരുതൽ 2015 എന്ന പരിപാടിയുടെ സജ്ജീകരണം/ മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 11/3/2015 ലെ സർക്കാർ ഉത്തരവ് നമ്പർ 1757/15/പൊഭവ അനുബന്ധമായി ചേർക്കുന്നു. 'കരുതൽ 2015' പരിപാടിയിൽ, കിടപ്പു രോഗികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥനും മെഡിക്കൽ ഓഫീസറും നേരിട്ട് രോഗിയുടെ വീട്ടിലെത്തി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുയും അതിന്മേൽ പരാതികൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ജനസമ്പർക്ക പരിപാടിയിലൂടെ ധനസഹായ വിതരണം ബാങ്ക് അക്കൗണ്ട് വഴി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലകളിലും വിവിധ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്